# ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റ്

## തൊഴിൽ അപേക്ഷ

പാസ്സ്പോർട്ട് സൈസ് ഫോട്ടോ ഒട്ടിക്കുക

തീയതി

അപേക്ഷിക്കുന്ന തൊഴിൽ വിഭാഗം

അപേക്ഷകന്റെ പേര്

പൂർണ്ണമായ മേൽവിലാസം

ജില്ല പിൻ

മൊബൈൽ / വാട്ട്സാപ്പ്

ഇമെയിൽ

ആധാർ നമ്പർ

സ്ത്രീ ☐ പുരുഷൻ ☐ പ്രായം ജനനത്തീയതി ജാതി മതം

വിദ്യാഭ്യാസ യോഗ്യത,
തൊഴിൽ പരിചയം

മാതാപിതാക്കളുടെ പേര് ഫോൺ

വിവാഹിത/വിവാഹിതൻ
ജീവിതപങ്കാളിയുടെ പേര് ഫോൺ

Day & Night മാറിമാറി ഡ്യൂട്ടി
ചെയ്യുവാൻ സമ്മതമാണോ? അതെ ☐ അല്ല ☐

താമസ സൗകര്യം ആഗ്രഹിക്കുന്നുണ്ടോ?
ഉണ്ട് ☐ ഇല്ല ☐

പ്രതീക്ഷിക്കുന്ന
ശമ്പളം

കുറഞ്ഞാലും സമ്മതമാണോ?
അതെ ☐ അല്ല ☐

ഗാന്ധിഭവനിൽ ജോലി ലഭിച്ചാൽ
കുറഞ്ഞത് എത്രകാലം തുടരാൻ സാധിക്കും ?

**അറിയാവുന്ന മറ്റു തൊഴിൽ മേഖലകൾ**

കംപ്യൂട്ടർ പരിചയം ☐ ഫോട്ടോഗ്രാഫി ☐ പ്രോഗ്രാം സംഘാടനം ☐
സംഗീത ഉപകരണങ്ങൾ ☐ കൃഷി ☐ ഡ്രൈവിംഗ് ☐

*** ഗാന്ധിഭവൻ വ്യവസ്ഥകൾ പാലിച്ച് ഏതു ബ്രാഞ്ചിലും ജോലി ചെയ്യുന്നതിന് എനിക്ക് സമ്മതമാണ്**

സ്ഥലം : പേര് :

തീയതി : ഒപ്പ് :

വ്യവസ്ഥകൾ മറുപുറം

## ഗാന്ധിഭവൻ സേവന പ്രവർത്തകർക്കുള്ള നിർദ്ദേശങ്ങൾ

1. ഓരോ സേവനപ്രവർത്തകരും കൃത്യസമയത്ത് തന്നെ ഡ്യൂട്ടിയിൽ പ്രവേശിക്കേണ്ടതാണ്.

2. നിബന്ധനകളനുസരിച്ച് ഗാന്ധിഭവനിൽ നിയമനം ലഭിക്കുന്ന സേവനപ്രവർത്തകർ ഏറ്റവും കുറഞ്ഞത് രണ്ടുവർഷമെങ്കിലും തുടർച്ചയായി സേവനം ചെയ്താൽ മാത്രമേ പ്രവർത്തിപരിചയ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. ഗാന്ധിഭവൻ ട്രസ്റ്റിന്റെ നിയമങ്ങൾക്ക് വിരുദ്ധമായി സേവനപ്രവർത്തകരുടെ ഭാഗത്തുനിന്ന് മനഃപൂർവ്വമായ പിഴവുകൾ സംഭവിച്ചാൽ അതും അച്ചടക്കലംഘനമായി പരിഗണിക്കുന്നതാണ്.

2. എല്ലാവർക്കും പ്രതിമാസം രണ്ട് ലീവ് ഉണ്ടായിരിക്കും. നിബന്ധനകൾ പ്രകാരമല്ലാതെ എടുക്കുന്ന ഒരോ ലീവിനും 2 ദിവസത്തെ ഹോണറേറിയം ഈടാക്കുന്നതായിരിക്കും. അതിന്മേൽ അപ്പീലുകൾ പരിഗണിക്കുന്നതല്ല.

3. മതിയായ കാരണങ്ങളില്ലാതെ ഒരാഴ്ച (7 ദിവസം) തുടർച്ചയായി ലീവ് എടുത്താൽ പുതിയ അപേക്ഷ നൽകി ഇന്റർവ്യൂവിന് വിധേയമായി മാത്രമേ ഡ്യൂട്ടിയിൽ പ്രവേശനം ലഭിക്കൂ.

4. ചുമതലപ്പെടുത്തുന്ന ഡ്യൂട്ടികൾ അന്നന്ന് പൂർത്തീകരിക്കേണ്ടതാണ്. അല്ലാതെ വന്നാൽ അതിന്മേലുള്ള പൂർണ്ണ ഉത്തരവാദിത്വവും കഷ്ടനഷ്ടങ്ങളുടെ പരിഹാരവും വഹിക്കേണ്ടിവരും.

5. ലഹരിപദാർത്ഥങ്ങൾ ഗാന്ധിഭവനുള്ളിൽ കൊണ്ടുവരികയോ ഉപയോഗിച്ചിട്ട് വരുകയോ ചെയ്താൽ നിരുപാധികം സേവനപ്രവർത്തനങ്ങളിൽനിന്നും ഒഴിവാക്കുന്നതും, അതിന്മേലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഈടാക്കുന്നതുമാണ്. അതുപോലെ അനുമതിയില്ലാതെ എന്തെങ്കിലും ഇൻമേറ്റ്സിന് വാങ്ങിക്കൊടുക്കുന്നതും അച്ചടക്കലംഘനമാണ്.

6. ഏതെങ്കിലും വിധത്തിൽ ഗാന്ധിഭവൻ കുടുംബാംഗങ്ങൾക്ക് പ്രയാസമോ ദുഃഖമോ ഉണ്ടാകുന്ന തരത്തിൽ പെരുമാറിയാൽ അത് ഗുരുതരമായ അച്ചടക്കലംഘനമായി കണക്കാക്കുന്നതാണ്.

7. കമ്പ്യൂട്ടർ റൂമുകളിലും സെക്ഷനുകളിലും ചുമതലപ്പെടുത്തിയിരിക്കുന്നവരല്ലാതെ മറ്റുള്ളവർ പ്രവേശിക്കുകയോ, അവരുടെ സീറ്റിൽ ഇരിക്കുകയോ കമ്പ്യൂട്ടർ കൈകാര്യം ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ അതും ഗുരുതരമായ അച്ചടക്ക ലംഘനമായി പരിഗണിക്കുന്നതാണ്.

8. പ്രവർത്തകർക്ക് അവരുടെ ആവശ്യങ്ങൾ, പരാതികൾ, പോരായ്മകൾ സ്റ്റാഫ് സെക്രട്ടറിയുമായി ബന്ധപ്പെട്ട പരിഹരിക്കാവുന്നതാണ്. പരിഹാരം ഉണ്ടാകാത്ത പക്ഷം സെക്രട്ടറിക്ക് പരാതി നൽകി പീസ് കോർട്ട് വഴി പരിഹരിക്കാവുന്നതാണ്. ഏതെങ്കിലും സഹപ്രവർത്തകരേയോ മറ്റേതെങ്കിലും ശുപാർശകരെയോ ഉപയോഗിക്കാൻ ശ്രമിക്കുന്നത് കുറ്റകരമായി പരിഗണിക്കും.

9. എല്ലാ പ്രവർത്തകരും വേണ്ടിവന്നാൽ ഗാന്ധിഭവന്റെ ഏതു സ്ഥാപനത്തിലും വർക്ക് ചെയ്യാൻ സന്നദ്ധരായിരിക്കണം. അതിന് മറ്റേതെങ്കിലും തലത്തിൽനിന്ന് ശുപാർശ ചെയ്യുന്നത് ടിയാന് ഗാന്ധിഭവൻ പ്രവർത്തനങ്ങളിൽ തുടർന്ന് പോകാനുള്ള അയോഗ്യതയായി പരിഗണിക്കുന്നതാണ്. എന്തെന്നാൽ ഗാന്ധിഭവൻ കുടുംബാംഗങ്ങൾക്കും സേവനപ്രവർത്തകർക്കും എല്ലാ വിധത്തിലുമുള്ള നന്മയുണ്ടാകണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന പ്രസ്ഥാനമാണ് ഗാന്ധിഭവൻ എന്നുള്ളതുകൊണ്ട് അർഹമായ എല്ലാവർക്കും അർഹമായ നീതി ലഭ്യമാക്കാൻ ഗാന്ധിഭവൻ ശ്രമിക്കുകയാണ്.

10. ഗാന്ധിഭവനിനുള്ളിലേയ്ക്ക് വരുമ്പോഴും വെളിയിലേക്ക് പോകുമ്പോഴും ബാഗുകളും തത്തുല്യമായ വസ്തുക്കളും സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമാക്കണം.

11. ഇൻമേറ്റ്സിനോടുള്ള സമീപനവും പെരുമാറ്റവും അതീവ സ്നേഹാദരങ്ങളോടെ മാത്രം ആയിരിക്കണം. അല്ലാതെ ആരെങ്കിലും പെരുമാറിയാൽ അതിന്മേൽ കർക്കശമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

12. വേസ്റ്റ് ഡിസ്പോസിംഗ് ഏരിയ, ജനറേറ്റർ റൂമുകൾ, കിച്ചൺ, ഷെൽട്ടർ ഹോം, പെൺകുട്ടികളുടെ മാത്രം വാസസ്ഥലം, സ്റ്റീം ഉൽപ്പാദന മേഖലകൾ എന്നിവിടങ്ങളിൽ അതത് മേഖലകളിൽ നിയോഗിക്കപ്പെട്ടവരും ഗാന്ധിഭവൻ ഭാരവാഹികളും അല്ലാതെ മറ്റ് ഇൻമേറ്റ്സിനും, സ്റ്റാഫുകൾക്കും മുൻകൂർ അനുമതിയോടെ അല്ലാതെ പ്രവേശിക്കാൻ പാടില്ലാത്തതാണ്.

13. സത്യം, ധർമ്മം, ദയ, സ്നേഹം, അഹിംസ, മതേതരത്വം ഗാന്ധിഭവന്റെ മുഖമുദ്രയാണെന്നത് എല്ലാവരും ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ സന്നദ്ധമായിരിക്കണം.

മേൽ നിർദ്ദേശങ്ങൾ ഗാന്ധിഭവന്റെ സേവനപ്രവർത്തകനായ/യായ ഞാൻ സശ്രദ്ധം വായിച്ചു മനസ്സിലാക്കി ഈ മഹനീയ ജീവകാരുണ്യസ്ഥാപനത്തിന്റെ അഭ്യുന്നതിക്കായി എല്ലാ കാര്യങ്ങളും സർവ്വാത്മനാ സമ്മതിച്ചിരിക്കുന്നു.

പേര്　　　　ഒപ്പ്　　　　വിരലടയാളം

മേൽവിലാസം　　　　ഫോൺ നമ്പർ